നം. എഡി.ബി. 4/1/2015/UPC 2017-18 F.Y/2017 02 .05.2017

# പരിപത്രം

വിഷയം:- സർവ്വകലാശാലയിലെ പഠന വകുപ്പുകൾ , സെക്ഷനുകൾ, ലൈബ്രറി, സ്റ്റഡി സെൻ്ററുകൾ എന്നിവടങ്ങളിലേക്കാവശ്യമായ കമ്പ്യൂട്ടറുകൾ, ഉപകരണങ്ങൾ, ഫർണ്ണിച്ചറുകൾ എന്നിവയുടെ വാങ്ങൽ - സർവ്വകലാശാല പർച്ചേസ് കമ്മറ്റി മുമ്പാകെ പ്രൊപ്പോസലുകൾ സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന:- (1) സർവ്വകലാശാല ഉത്തരവ് നം. 2394/എഡി. ബി 4/1/215/ യു.പി.സി 2017-18 F.Y/2017 തീയതി 28.04.2017.

(2) U.O No.956/Ad.BIV/1/384 VC/2016 തീയതി 17.02.2016.

മേൽ സൂചന (1) പ്രകാരം സർവ്വകലാശാലയിലെ സെക്ഷനുകൾ, ഓഫീസുകൾ, പഠനവകുപ്പുകൾ, ലൈബ്രറി, സ്റ്റഡി സെൻ്ററുകൾ എന്നിവടങ്ങളിൽ നിന്നുള്ള വാങ്ങലുമായി ബന്ധപ്പെട്ട അപേക്ഷകൾ മെയ് 15 ന് മുമ്പായി സർവ്വകലാശാല പർച്ചേസ് കമ്മറ്റി മുമ്പാകെ സമർപ്പിക്കേണ്ടതുണ്ട്.

നിർദ്ദിഷ്ഠ മാതൃകയിൽ തയ്യാറാക്കിയ അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം **10.05.2017-ാം** തീയതിക്ക് മുമ്പായി താഴെ പറയുന്ന സെക്ഷനുകളിൽ എത്തിക്കേണ്ടതാണ്.

1. ഫർണ്ണിച്ചർ വാങ്ങുന്നത് സംബന്ധിച്ച അപേക്ഷ ഭരണവിഭാഗം എഡി. ബി 2 സെക്ഷനിൽ നൽകേണ്ടതാണ്.

2. ഫർണ്ണിച്ചർ ഒഴികെയുള്ള മറ്റ് ഉപകരണങ്ങളുടെ വാങ്ങൽ സംബന്ധിച്ച അപേക്ഷകൾ ഭരണവിഭാഗം എഡി. ബി 4 സെക്ഷനിൽ നൽകേണ്ടതാണ്.

സൂചന (2) പ്രകാരം, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വാങ്ങലുമായി ബന്ധപ്പെട്ട വിശദമായ സ്പെസിഫിക്കേഷൻ റിപ്പോർട്ട് ഹാർഡ് വെയർ എൻജിനീയറിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം ഉൾക്കൊള്ളിക്കേണ്ടതാണ്.

എസ്റ്റേറ്റ് ഓഫീസർ
രജിസ്ട്രാർക്കുവേണ്ടി

ഉള്ളടക്കം:- അപേക്ഷ നൽകേണ്ട മാതൃക.

5

**സർവ്വകലാശാല പർച്ചേസ് കമ്മറ്റി യോഗം ജൂൺ 2017- വാങ്ങൽ നിർദ്ദേശങ്ങൾ പർച്ചേസ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത് സംബന്ധിച്ച്**

സൂചന: പരിപത്രം നം. എഡി.ബി. 4/1/2015/UPC 2017-18 F.Y/2017 തീയതി 02.05.2017

സെക്ഷൻ/വകുപ്പ്:

ഫോൺ നമ്പർ :

| ക്രമ നമ്പർ | വാങ്ങേണ്ട ഇനം | എണ്ണം | നിലവിലെ സ്റ്റോക്ക് | വിശദമായ സ്പെസിഫിക്കേഷൻ | ഏകദേശ വില | വാങ്ങലിന്റെ സാധൂകരണം | ബഡ്ജറ്റ് ഹെഡിന്റെ പേര്, ബഡ്ജറ്റിലുള്ള തുക (2017-18) |
|---|---|---|---|---|---|---|---|
| | | | | | | | |

സ്ഥലപരിമിതിയുണ്ടെങ്കിൽ അധികഷീറ്റിൽ വിവരങ്ങൾ രേഖപ്പെടുത്തി നൽകേണ്ടതാണ്.
ഓരോ ഇനത്തിന്റേയും വാങ്ങലിനുള്ള സാധൂകരണം വിശദമാക്കേണ്ടതാണ്. അധികമായി പേജുകൾ ചേർക്കാവുന്നതാണ്.

ജോയിന്റ് രജിസ്ട്രാർ/ഡയറക്ടർ